(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ /റ്റി.വി.എം /ജി.പി.11 /1891 / 2016

തീയതി: 05.11.2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,
Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്.

<u>പകർപ്പ്:</u>

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്
4) സ്പെയർ

**നം.കെ.എസ്.എ /റ്റി.വി.എം /ജി.പി.11 /1891/ 2016** **തീയതി. 05.11.2016**

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ **2015-16**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-7-2016 മുതൽ 17-9-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19-9-2016 മുതൽ 30-9-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി ലതാകുമാരി.എം | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി വാലന്റീന.എം | (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | | ശ്രീ.പ്രേംനാഥ്.ജി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ജയലക്ഷ്മി.ബി.എസ് | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പറമ്പിൽ പാലം നിസാർ<br>ശ്രീമതി.ഉഷാകുമാരി അമ്മ | 01.04.2015 മുതൽ 31.10.2016 വരെ<br>01.11.2016 മുതൽ 31.3.2016വരെ |
| സെക്രട്ടറി | ശ്രീ.എസ്.കെ.സായുർദേവൻ നായർ | 01.04.2015 മുതൽ 31.03.16വ |

| *നിർവ്വഹണ ഉദ്യോഗസ്ഥർ* | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീ.ദിനാജ്.എം.എൽ | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സിമി സരംഗ്<br>ഡോ.രഘുരാജൻ | 01.04.2015 മുതൽ 30.10.2015വരെ<br>01.11.2015മുതൽ 31.03.2016 വരെ |
| എം.ഒ (ആയുർവേദം) | ഡോ.ഷമ്മി.എ | 01.04.2015 മുതൽ 31.7.2015വരെ |
| | ഡോ.ഷീജാ മോൾ | 01.08.2015മുതൽ 31.03.2016വരെ |
| എം.ഒ (പി.എച്ച്.സി) | ഡോ.ശ്രീജ.എൻ.കെ | 01.04.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.എസ്.ജയിംസ് | 01.04.2016മുതൽ 31.03.2016വരെ |
| എച്ച്.എം.യു.പി. എസ്.കണിയാപുരം | ശ്രീ.ഗോപിനാഥൻ.എൻ | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.ബിന്ദുകുമാരി.എൽ.വി | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ (സർക്കിൾ I) | ശ്രീഅരുൺകുമാർ.എസ്.ആർ | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ(സർക്കിൾ II) | ശ്രീ.അബ്ദുൽ മുബാറക്ക് | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | ദീപ.വി | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതിഅവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം **2** | |
| 12 | മാർക്കറ്റ് ലേലം-പഞ്ചായത്ത് നിലപാടുകൾ അംഗീകരിക്കാവുന്നതല്ല | 2-1 |
| 13 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-2 |

| | | |
|---|---|---|
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-3 |
| 15 | സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ | 2-4 |
| | ഭാഗം **3** | |
| 16 | പുതിയ കിണർ നിർമാണം - മാർഗരേഖക്ക് വിരുദ്ധമായി അധിക സബ്സിഡി നൽകി | 3-1 |
| 17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണമായും ലഭിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 18 | ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര സ്കൂട്ടർ വിതരണം - മാർഗരേഖകൾ പാലിച്ചില്ല | 3-3 |
| 19 | ടീച്ചേഴ്സ് ബാങ്ക് - അദ്ധ്യാപകരെ സർക്കാർ അനുമതിയില്ലാതെ നിയമിച്ചു - തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 20 | പ്രീപ്രൈമറി കുട്ടികൾക്ക് പോഷകാഹാര വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |
| 21 | ഇ.എം.എസ് ലോൺ - തിരിച്ചടവിലെ അപാകത | 3-6 |
| 22 | പഞ്ചായത്ത് വക ശ്മശാനം- ശാന്തികവാടം - നവീകരണം ആവശ്യം | 3-7 |
| 23 | തൊഴിലുറപ്പ് പദ്ധതി (അവലോകനം) | 3-8 |
| | ഭാഗം **4** | |
| 24 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃതഓഡിറ്റ്റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26-3-2015 തീയതിയിലെ 1-ാം നംപർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 234500690/- രൂപ വരവും 164150000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 74479347/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 66724449/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 22-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-9-2016 | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 26366728/-

വരവ് - 48112619/-

ആകെ - 74479347/-

ചെലവ് - 66724449/-

നീക്കിയിരിപ്പ് - 7754898/-

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ലഭിച്ച വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 3331877 | 2478769 | 7384544 * | 13195190 | 13195190 | 0 | 100 |
| 2 | വികസന ഫണ്ട് (SCP) | 3191973 | 8167601 | -1671065 | 9688509 | 9688509 | 0 | 100 |
| 3 | വികസന ഫണ്ട് TSP) | 97000 | 149000 | -97000 | 149000 | 149000 | 0 | 100 |
| 4 | 13-ാം ധന കാര്യ കമ്മീ ഷൻ ഗ്രാന്റ് | 2610252 | 5465147 | -2275939 | 5799460 | 5799460 | 0 | 100 |
| 5 | പെർഫോ മൻസ് ഗ്രാന്റ് | 3340540 | 3339168 | -3340540 | 3339168 | 3339168 | 0 | 100 |
| 6 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 8083 | 3052726 | - | 3060809 | 3060809 | 0 | 100 |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 139664 | 2468649 | - | 2608313 | 2608313 | 0 | 100 |
| 8 | എം.ജി.എൻ ആർ.ഇ. ജി.എസ് | 68532 | 604916 | - | 673448 | 658526 | 14922 | 97 |
| 9 | ജനറൽ പർപ്പസ് ഗ്രാന്റ് | 3618417 | 8704013 | - | 12322430 | 10552974 | 1769456 (Treasury Savings bank Account) | 85.6 |
| 10 | ബി ഫണ്ട് | ------- | 863840 | - | 863840 | 863840 | - | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | തനതുഫണ്ട്/ മറ്റ് ഫണ്ട് | 9960390 | 12818790 | - | 22779180 | 16808660 | 5970520 | 73.7 |
| | ആകെ | 26366728 | 48112619 | - | 74479347 | 66724449 | 7754898 | 89.5 |

*ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിശകലനം (7384544 /-രൂപ)

അവാർഡ് ഗ്രാന്റ് - 2275939

കെ എൽ ജി എസ് ഡി പി - 3340540

വികസനഫണ്ട് (II (b)) – 1671065

വികസനഫണ്ട് (II (c)) – 97000

ആകെ - 7384544

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 68165211 | 136 | 49847166 | 14 | - | 90 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7803678/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | വർദ്ധനവ്/കുറവ് |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| വിനോദനികുതി | 350262 | 398269 | 48007 | 13.7 |
| തൊഴിൽനികുതി | 2329640 | 2481058 | 151418 | 6.5 |
| കെട്ടിടനികുതി | 3970921 | 2727033 | -1243888 | -31.3 |
| പരസ്യനികുതി | --------- | 18100 | 18000 | 100 |

| <u>*നികുതിയേതരവരവുകൾ*</u> | | | | |
|---|---|---|---|---|
| ലേലം | 1473500 | 2030500 | 557000 | 37.8 |
| ഷോപ്പിംഗ്കോംപ്ലക്സ് | 129830 | 170882 | 41052 | 31.6 |
| ഡി&ഒ | 149400 | 210105 | 60705 | 40.6 |
| മറ്റുവരവുകൾ | 9519671 | 2083599 | -7436072 | -78 |
| ആകെ | 17923224 | 10119546 | -7803678 | -43 |

മുൻവർഷത്തേക്കാൾ നികുതി വരുമാനത്തിൽ 43% കുറവ് വന്നതിനുള്ള സാഹചര്യം വിലയിരുത്തേണ്ടതും അടിയന്തിര നടപടിസ്വീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതും തനതുവരുമാനം കാലഹരണപ്പെടാതെ ഇരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 633840 | 695 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 230000 | 11 |

## 1-9 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന20-9-2016-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യ ത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9189/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 <u>ആഭ്യന്തരനിയന്ത്രണം.</u>

തൊഴിൽ നികുതി രജിസ്റ്ററുകൾ, വസ്തുനികുതി രജിസ്റ്ററുകൾ എന്നിവയിൽ വർഷാവസാനം ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് എഴുതി തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. ഫ്രണ്ട് ഓഫിസിന്റെ പ്രവർത്തനം തൃപ്തികരം.

<u>വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധന</u>

പഞ്ചായത്ത് വക KL-22-9969 ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 80 % യാത്രകളിലും യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി യിട്ടില്ല. ജി.ഒ.(എം. എസ്) 170/2007/ത.സ്വ.ഭ.വ. തീയതി 30-6-2007 പ്രകാരം ആറ് മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംഷൻ ടെസ്റ്റ് സർക്കാറിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ആ ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ആ നിർദേശം പാലിച്ച് ടെസ്റ്റ് നടത്തി രേഖപ്പെടുത്തിയിട്ടില്ല.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-8-2016 മുതൽ 16-8-2016 വരെ | 1-7-2016 മുതൽ 31-7-2016 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | 2008 – 2009 | - |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനത്തിൽ ഗണ്യമായ കുറവ്-ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ അനിവാര്യം

**(a)** ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ അനിവാര്യം

പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി അക്കൗണ്ട് പരിശോധിച്ചതിൽ തനതു വരുമാനത്തിൽ 43% മുൻവർഷത്തെ അപേക്ഷിച്ച് ഇടിവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു. (ഖണ്ഡിക 1-7, പട്ടിക കാണുക) കെട്ടിട നികുതിയിൽ 31.3%-ന്റെയും മറ്റുവരവുകളിൽ 78%-ന്റെയും ഭീമമായ കുറവാണ് വന്നിട്ടുള്ളത്. നഗരസഭയോട് ചേർന്നു കിടക്കുന്ന അത്യന്തം വികസിതമായ പഞ്ചായത്തായിരുന്നിട്ടും, ഈ രീതിയിൽ കെട്ടിട നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവം സംഭവിച്ച എന്നതിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതായിരുന്നു. അതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(b)** മാർക്കറ്റ് ലേലം ഗണ്യമായ വരുമാനച്ചോർച്ച.

2016-17 വർഷത്തേയ്ക്ക് ആലുമ്മൂട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള ലേലം പഞ്ചായത്ത് ഓഫീസിൽ വച്ച് 29.02.16-ന് നടക്കുകയും ഏറ്റവും കൂടിയ തുകയായ 1815000/-രൂപ വിളിച്ച ശ്രീ.നിസാർ, ഷാനു മൻസിൽ, വെട്ടുറോഡിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുകയും, മൂന്നിലൊന്ന് തുകയായ 605000/-രൂപ അടവാക്കുകയും പഞ്ചായത്ത് കമ്മിറ്റി അദ്ദേഹത്തിന്റെ പേരിൽ 16.03.16-ലെ VIII-ാം നമ്പർ തീരുമാനം പ്രകാരം ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു. മുൻവർഷം (2015-16) മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കാനുള്ള അവകാശം ലേലം ചെയ്തു കൊടുത്തിട്ടുള്ളത് 21 ലക്ഷം രൂപയ്ക്കാണ്. എന്നാൽ 2016-17 വർഷത്തേയ്ക്ക് ലേലം നടത്തിയ ആദ്യദിനം തന്നെ 1815000/-രൂപയ്ക്ക് ലേലം ഉറപ്പിക്കുകയാണുണ്ടായത്. ഗണ്യമായ വരുമാനക്കുറവുണ്ടായിട്ടും പുനർലേലം പരിഗണിക്കാതെ ലേലം ഉറപ്പിക്കുകയാണ് ചെയ്തത്. പുനർലേലത്തിന്റെ സാധ്യത പരിശോധിക്കാതെ ലേലം ഉറപ്പിച്ച നടപടി വരുമാനച്ചോർച്ചയുടെ ആക്കം കൂട്ടുന്നതിന് കാരണമായിട്ടുണ്ട്. വരും വർഷങ്ങളിലെങ്കിലും ഇത്തരത്തിലുള്ള അപാകം ഒഴിവാക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 11 (3) പ്രകാരം 150 $m^2$-നുമേൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് $m^2$-ന് 5 രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. താഴെ പറയുന്ന കെട്ടിട ഉടമയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു. പെർമ്മിറ്റ് നമ്പർ : BP-91/15-16

ഉടമ : എസ്.നിസാർ, റസീനാബീവി.ജെ

Plinth area : 315.91$m^2$

ഈടാക്കിയ തുക : @ 2.5/$m^2$ = 790 + 20 (കിണർ) = 810

(രസീത് നം. 11510 10 1999 തീയതി: 24.08.2015)

ഈടാക്കേണ്ട തുക : @ 5/$m^2$

1579.55 + 20 (കിണർ) = 1599.55 1600

കുറവ് വന്ന തുക : 790/- രൂപ

മേൽ തുക എത്രയും വേഗം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ രജിസ്റ്ററിന്റെ പേജ് 11, ക്രമ നം.2 ആയി ചിറക്കകം ക്ലിനിക്കൽ സർവ്വീസസ് എന്ന സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷനു വേണ്ടി മേൽ സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ ഡോ.സാദിഖ്, ഡോ.ജാസ്മിൻ എന്നീ രണ്ടു

ഡോക്ടർമാർ ക്ലിനിക്കിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്ന് തൻവർഷം (ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ) ഈടാക്കിയ തൊഴിൽ നികുതി 2500/- രൂപ മാത്രമാണ്. സ്ഥാപനത്തിൽ 2 ഡോക്ടർമാർ ഉള്ളതിനാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(2)ൽ നിർവചിക്കും പ്രകാരം ഡോക്ടറുടെ അർദ്ധ വാർഷിക വരുമാനം 125000/-രൂപയിൽ അധികരിക്കുന്നതാണ്. ആയതിനാൽ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലായി 5000/-രൂപ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കുറവ് വന്ന നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ

a) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-16വർഷത്തെ തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നു.

| സ്ഥാപനം | അർദ്ധവർഷം | തുക |
|---|---|---|
| ഏഷ്യൻ ഏവിയേഷൻ സ്കൂൾ | 1, 2 | ₹2500/- |
| ഈസ്റ്റേൺ മാട്രസ് | 1, 2 | ₹2500/- |
| സപ്ലൈകോ മാവേലി സ്റ്റോർ | 1, 2 | ₹2500/- |
| ഇ.വി.എം. മോട്ടോഴ്സ് ഹോണ്ട | 1, 2 | ₹2500/- |
| ഇ.വി.എം ലൈറ്റ് കൊമേഴ്സ്യൽ വെഹിക്കിൾസ് | 1, 2 | ₹2500/- |
| ബി.എസ്.എൻ.എൽ | 1, 2 | ₹2500/- |
| ആകെ | | ₹15000/- |

ടി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പുതിയ കിണർ നിർമാണം - മാർഗരേഖക്ക് വിരുദ്ധമായി അധിക സബ്സിഡി നൽകി

പ്രോജക്ട് നമ്പർ - SOO 12/16

പ്രോജക്ടിന്റെ പേര് - പുതിയ കിണർ

അടങ്കൽ തുക - 315000/- രൂപ

ചെലവ് തുക - 122500/- രൂപ

ബിൽ നംപർ/ തീയതി - 15/15-16, 21-9-15 - തുക 17500

18/15-16, 27-2-16 - തുക 70000

32/15-16, 30-3-16 - തുക 35000

നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

സബ്സിഡി മാർഗരേഖ ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ. 16-11-2013 പ്രകാരം പുതിയ തുറന്ന കിണർ

നിർമാണത്തിനായി ഇടനാട് പ്രദേശത്ത് അനുവദിക്കാവുന്ന ഉയർന്ന സബ്സിഡി 17000/- രൂപയാണ്. എന്നാൽ അസി. സെക്രട്ടറി നിർവഹിച്ച മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി 17500/- രൂപാ വീതം നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച സബ്സിഡി തുക | അനുവദനീയമായത് | അധികം നൽകിയത് |
|---|---|---|---|
| സൗമ്യ എം എസ് | 17500 | 17000 | 500 |
| മണി കെ | 17500 | 17000 | 500 |
| സരള | 17500 | 17000 | 500 |
| വിക്രമൻ | 17500 | 17000 | 500 |
| കനകരാജൻ | 17500 | 17000 | 500 |
| മഞ്ജുഷ ബി | 17500 | 17000 | 500 |
| സുനിതകുമാരി എസ് | 17500 | 17000 | 500 |
| ആകെ | | | 3500 |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3, തീയതി. 22.09.16) ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതിയെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നുംമേൽ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ SOO 53/16 പ്രകാരം കാരിച്ചാറ ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങലിനായി വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 1/15-16, തീയതി 14-3-16 100000/- രൂപ മെഡിക്കൽ ഓഫീസർ പിൻവലിച്ച് "ഹോംകോ"-യ്ക്ക് (ഡി.ഡി.നമ്പർ. 152671/14-3-16) നൽകിയെങ്കിലും നാളിതു വരെ 27865/-രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. പ്രസ്തുത വിഷയം ചൂണ്ടിക്കാണിച്ച കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.2, തീയതി. 20.09.16) ലഭിച്ച മറുപടിയിൽ ഹോംകോയിൽ നിന്നും കത്തിടപാടുകൾ നടത്തിവരുന്ന താണെന്ന് അറിയി ച്ചിട്ടുണ്ട്. ഹോംകോയിൽ നിന്നും ഇനിയും ലഭിക്കാനുള്ള 72135/- രൂപയുടെ മരുന്ന് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അതുവരെ 72135/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര സ്കൂട്ടർ വിതരണം - മാർഗരേഖകൾ പാലിച്ചില്ല.

പ്രോജക്ട് നമ്പർ - SOO 15/16 & SO 131/16

അടങ്കൽ തുക - 720000/- രൂപ (വികസനഫണ്ട് എസ് സി പി)

ചെലവ് തുക - 589086/- രൂപ (വികസനഫണ്ട് - 406362, തനതുഫണ്ട് - 7724, ബ്ലോക്ക് ഷെയർ - 175000/-രൂപ)

ബിൽ നമ്പർ/തീയതി - 7/15-16, 30-9-15 - തുക – 210000

- 8/15-16, 30-9-15 - തുക – 130908

- 33/15-16, 30-3-16 - തുക – 65454

നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

മേൽ പ്രോജക്ടുകളിലായി 9 പേർക്ക് 65454/- രൂപ വിലയുള്ള മുച്ചക്ര സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ യോഗ്യരെ കണ്ടെത്തുന്നതിലും സബ്സിഡി മാർഗരേഖകൾ പാലിക്കുന്നതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഭിന്നശേഷിയുള്ളവർ, അംഗപരിമിതവർ ഇവർക്ക് ആവശ്യമായ ഉപകരണങ്ങൾ നിർണയിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ ആവശ്യകതാ നിർണയ ക്യാപ് നടത്തിയിട്ടില്ല.
2. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ കഴിയുന്നയാളാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപ്പെടുത്തലോ വാഹനം ലഭിച്ചവരുടെ മോട്ടോർ വാഹന വകുപ്പ് നൽകുന്ന ഇൻവാലിഡ് ലൈസൻസോ ഫയലിൽ ലഭ്യമല്ല.
3. 10 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളാണോയെന്നുള്ള പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
4. പ്രായപൂർത്തിയാകാത്ത സെറിബ്രൽ പാൾസി എന്ന രോഗം ബാധിച്ച ശ്രീ.സജന് (ജനന തീയതി. 18-5-1999) മുച്ചക്ര സ്കൂട്ടർ നൽകിയിരിക്കുന്നു.
5. റീ അസസ്മെന്റ് നടത്താത്ത പഴയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ (2010-ൽ ലഭിച്ചത്) അടിസ്ഥാനത്തിൽ 60% ലേറെ കാഴ്ചകുറവുള്ള ശ്രീ.പ്രഫുല്ലന് വാഹനം നൽകിയിരിക്കുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്. മാർഗരേഖകൾ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-4 ടീച്ചേഴ്സ് ബാങ്ക് - അദ്ധ്യാപകരെ സർക്കാർ അനുമതിയില്ലാതെ നിയമിച്ചു - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നംമ്പർ - SO 139/16

അടങ്കൽ തുക - 363700/-രൂപ ( തനതുഫണ്ട്)

ചെലവ് തുക - 334800 /- രൂപ

തുക, ചെക്ക് നംപർ/തീയതി - 145500/- (1914148/5-8-2015)

42900/- (132014/6-10-15)

61600/- (133738/29-1-16

84800/- (134294/23-3-16)

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 6 എൽ.പി/യു.പി. സ്കൂളുകളിൽ അദ്ധ്യാപകർ 3 ദിവസത്തിൽ കൂടുതൽ ദിവസം അവധി എടുക്കേണ്ടതായ സന്ദർഭങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനായി എച്ച്.എം-ന്റെ നിർവഹണ ത്തിൽ നടപ്പിലാക്കിയതാണ് ഈ പദ്ധതി പ്രോജക്ട് സർക്കുലർ നമ്പർ 44677/ഇ.എം.2/ 2008/ത.സ്വ.ഭ.വ/തീയതി.19-10-2010 പ്രകാരം ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് നൽകിയി രിക്കുന്ന അധികാരങ്ങളിലും കർത്തവ്യങ്ങളിലും അക്കാദമിക് കാര്യങ്ങൾ ഉൾപ്പെടുന്നി ല്ലായെന്നും ഇക്കാര്യത്തിൽ ത. സ്വ.ഭ സ്ഥാപനങ്ങൾക്ക് അഭിപ്രായങ്ങളോ നിർദേശങ്ങളോ ഉണ്ടെങ്കിൽ സർക്കാറിലേക്ക് സമർപ്പിക്കാവുന്നതാണെന്നും സർക്കാറിന്റെ നിർദേശമനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഈ പദ്ധതിയ്ക്ക് സർക്കാറിൽ നിന്നും നിർദേശം സ്വീകരിച്ചിട്ടില്ല. 7/14 മുതൽ 3/16 വരെയുള്ള കാലയളവുകളിൽ പഠിപ്പിച്ച അദ്ധ്യാപകർക്ക് 300/- രൂപ നിരക്കിൽ ആകെ 334800/-രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുമുണ്ട്. പ്രസ്തുത വിഷയം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/26-9-2016) ഭരണ സമിതി തീരുമാന പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. സർക്കാറിന്റെ മുൻകൂർ അനുമതി ഇല്ലാതെ പദ്ധതി നടപ്പിലാക്കിയ നിർവഹണ ഉദ്യോഗസ്ഥന്റെ നടപടി മേൽ സർക്കുലറിന് വിരുദ്ധമായതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 3,34,800/-രൂപ തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്ന് പ്രസ്തുത ചെലവിന് സാധൂകരണം വാങ്ങേണ്ടതാണ്.

## 3-5 പ്രീപ്രൈമറി കുട്ടികൾക്ക് പോഷകാഹാര വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ - SO023/16

അടങ്കൽ തുക - 840825/-രൂപ (വികസനഫണ്ട് 390825 + ധനകാര്യകമ്മീഷൻ ഗ്രാന്റ് 450000)

ചെലവ് തുക - 837132/-രൂപ (വികസനഫണ്ട് 389658 + ധനകാര്യകമ്മീഷൻ ഗ്രാന്റ് 447474)

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, കണിയാപുരം യു.പി.എസ്

ഗ്രാമ പഞ്ചായത്ത് പരിധിയിലെ 6 എൽ.പി/യു.പി സ്കൂളുകളിലെ പ്രീപ്രൈമറി വിഭാഗം കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനുവേണ്ടി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ മാർഗരേഖകൾ പാലിച്ചില്ലായെന്നാണ് പരിശോധനയിൽ വ്യക്തമായത്. ഓരോ സ്കൂളിലേയും ഹെഡ്മാസ്റ്റർമാർ 12/14 മുതൽ 3/16 വരെയുള്ള കാലയളവ് കളിൽ അതാത് സ്കൂളുകളുകളിലെ കുട്ടികൾക്ക് പാലും ബിസ്കറ്റും വാങ്ങി വിതരണം ചെയ്തതിനാണ് പ്രോജക്ട് പ്രകാരം 837132/-രൂപ ചെലവഴിച്ചിരിക്കുന്നത്. ഓരോ ഇനങ്ങൾക്കും വേണ്ടി താഴെ പറയും പ്രകാരമാണ് തുക ചെലവഴിച്ചിട്ടുണ്ട്.

പാലിന്റെ വില - 633030/-രൂപ

പാൽ കൊണ്ട് വന്നതിനുള്ള യാത്രാ ചെലവ് - 58895/-രൂപ

ബിസ്കറ്റിന്റെ വില - 127224/-രൂപ

പാൽ കാച്ചിയതിനുവേണ്ടിയുള്ള ചെലവ് - 17933/- രൂപ

പ്രൊക്യൂയർമെന്റ് മാർഗരേഖ അനുസരിച്ച് (ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ, തീയതി.8-11-2010)ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കു ന്നതിന് ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പുള്ള ചെലവുകൾക്ക് പത്രപരസ്യം നൽകി ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതുമുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാ തെയാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. വിഷയം ഓഡിറ്റ് അന്വേഷണ ത്തിലൂടെ (അന്വേഷണക്കുറിപ്പ് നമ്പർ.8/26-9-2016) ചൂണ്ടിക്കാട്ടിയിരുന്നു. ഭരണ സമിതി തീരുമാന പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഓരോ ദിവസവും ആവശ്യമായ പാൽ മിൽമയുടെ സഹകരണസംഘങ്ങളിൽ നിന്നാണ് ഹെഡ്മാസ്റ്റർമാർ വാങ്ങുന്നതെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
എന്നാൽ വിവിധ ക്ഷീരോൽപ്പാദക സൊസൈറ്റികളിൽ നിന്നും വ്യത്യസ്ത നിരക്കി ലാണ് പാൽ വാങ്ങിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആല്ലംമൂട് ഗവ. എൽ.പി.എസ്, അണ്ടൂർകോണം ഗവ.എൽ.പി.എസ് എന്നീ സ്കൂളുകൾ ഒരു ലിറ്റർ പാലിന് 36/-രൂപാ നിരക്കിൽ അണ്ടൂർകോണം ക്ഷീരോൽപ്പാദക സൊസൈറ്റിയിൽ നിന്നും ഗവ. എൽ.പി.എസ്.കരിച്ചാറ 38/-രൂപാ നിരക്കിൽ വലിയവീട് ക്ഷീരോൽപ്പാദക സൊസൈറ്റി യിൽ നിന്നുമാണ് പാൽ വാങ്ങിയിരിക്കുന്നത്. മൽസരാ ധിഷ്ഠിത ടെണ്ടർ ക്ഷണിക്കാത്ത തിനാലാണ് ഓരോ സ്കൂളുകളും വാങ്ങിയ പാലിന്റെ വിലനിരക്കിൽ ഇപ്രകാരം ഏറ്റക്കുറച്ചിൽ വന്നിട്ടുള്ളത്. അതിനാൽ മാർഗരേഖകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മറ്റ് അപാകത

പോഷകാഹാരമായി പാലിനോടൊപ്പം ബിസ്കറ്റും കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ബിസ്കറ്റിനെ പോഷകാഹാരത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്താനാവില്ല. ആയതിനാൽ ബിസ്കറ്റ് ഒഴിവാക്കി വരും വർഷങ്ങളിൽ പോഷക മൂല്യമുള്ള നേന്ത്രപ്പഴം ഉൾപ്പെടുത്താവുന്ന താണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-6 ഇ.എം.എസ്.ലോൺ - തിരിച്ചടവിലെ അപാകത

2010-11 വർഷം ഇ എം എസ് വായ്പ മുതൽ തിരിച്ചടവിൽ വികസനഫണ്ടിന്റെ 10-ാം ഗഡുവിൽ നിന്നും 661600/- രൂപ ഉറവിടത്തിൽ നിന്നും കുറവ് വരുത്തിയിരു ന്നെങ്കിലും പ്രസ്തുത തുക സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ വരാതെ സസ്പെൻസ് അക്കൗണ്ടിലായിരുന്നതിനാൽ മുതൽ ഇനത്തിൽ 529140/- രൂപയും പലിശ ഇനത്തിൽ 132460/- രൂപയും കണക്കാക്കി 661600/- രൂപ 4-6-2015 ൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിരിക്കുന്നതായാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിരുന്നു.

ഇ.എം.എസ്. പദ്ധതിക്കുള്ള പലിശ സർക്കാറാണ് അടവാക്കേണ്ടതെന്നിരിക്കേ വികസനഫണ്ടിൽ നിന്നും മുതൽ അടവിനായി ഉറവിടത്തിൽ നിന്നും കുറവ് വരുത്തി സഹകരണ ബാങ്കിന് നൽകിയിട്ടുള്ള 661600/-രൂപയിൽ നിന്നും 1,32,460/-രൂപ പലിശ അടവാക്കുന്നതിനുവേണ്ടി മാത്രം പഞ്ചായത്തിന് ചെലവഴിക്കേണ്ടിവന്നു. 2010-11-ൽ ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും അന്ന് മുതലുള്ള പലിശ കണക്കാക്കിയാണ് 1,32,460/-രൂപ ഈടാക്കിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15, തീയതി. 1-10-2016) ലഭിച്ച മറുപടിയിൽ പലിശയിനത്തിൽ ക്രെഡിറ്റ് വരുത്തിയ 1,32,460/-രൂപ മുതൽ ഇനത്തിൽ ക്രെഡിറ്റ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബാങ്ക് അധികാരികൾക്ക് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചു.

2010-11 ൽ ഇ എം എസ് ലോൺ കുടിശ്ശികയായി 609000/- രൂപ സഹകരണ ബാങ്കിൽ അടക്കാൻ ബാക്കിയുള്ളപ്പോഴാണ് സോഴ്സ് ഡിഡക്ഷൻ പ്രകാരം 661600/- രൂപ (52600/- രൂപ അധികം) ബാങ്കിന് ലഭിക്കുന്നത്. അത് വർഷങ്ങളോളം സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചതിനുശേഷം അന്ന് മുതലുള്ള പലിശയും കൂടി കണക്കാക്കി 661600/- രൂപ (മുതൽ ഇനത്തിൽ 529140/- രൂപയും പലിശ ഇനത്തിൽ 132460/- രൂപയും) ബാങ്ക് ക്രെഡിറ്റ് ചെയ്തിരിക്കുന്നു. ബാങ്കിന്റെ പ്രസ്തുത നടപടി അംഗീകരിക്കുന്നില്ല. പലിശയിനത്തിൽ ക്രെഡിറ്റ് വരുത്തിയിട്ടുള്ള 132460/- രൂപ ബാങ്കിൽ നിന്നും ഈടാക്കി സർക്കാറിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബാങ്ക് രേഖകൾ പ്രകാരം 79860/- രൂപ മാത്രമാണ് ഇ എം എസ് വായ്പ മുതൽ തിരിച്ചടവ് കുടിശ്ശികയായിഅടക്കാൻ ബാക്കിയുള്ളത്. എന്നാൽ 2015-16 ധനകാര്യ പത്രികയിൽ ആയത് 6,09,000/- രൂപ എന്ന് ചേർത്തിരിക്കുന്നു.

## 3-7 പഞ്ചായത്ത് വക ശ്മശാനം- ശാന്തികവാടം -നവീകരണം ആവശ്യം.

അണ്ടൂർകോണം ഗ്രാമ പഞ്ചായത്ത് വക ശ്മശാനമായ ശാന്തികവാടം 26-3-2013 ലാണ് പൊതുജനങ്ങൾക്ക് തുറന്ന് നൽകിയത്. ആലുംമൂട് വാർഡിൽ ഏകദേശം 2 ഏക്കർ (78 ആർ 20 ചതുരശ്രമീറ്റർ) വിസ്തൃതിയിലുള്ള ചുറ്റുമതിലോടുകൂടിയ ഭൂമിയിലാണ് ശാന്തികവാടം സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ ശവശരീരം ദഹിപ്പിക്കുന്നതിനുള്ള ഇന്ധനം വിറകാണെന്നതും പരിസരവാസികൾക്ക് ബുദ്ധിമുട്ടാകാത്ത രീതിയിൽ പുക പുറത്ത് കളയാവുന്ന ശാസ്ത്രീയമായി തയ്യാറാക്കിയ പുകക്കുഴലുകൾ ഇല്ലാത്തതും ശ്മശാനത്തിന്റെ ഭൗതികസാഹചര്യങ്ങളുടെ കുറവായി വിലയിരുത്തുന്നു. നിലവിൽ ശ്മശാനം അണ്ടൂർകോണം ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. അയൽ പഞ്ചായത്തുകളായ പോത്തൻകോട്, അഴൂർ, കഠിനംകുളം മംഗലപുരം എന്നീ പഞ്ചായത്തുകൾക്ക് നിലവിൽ ശ്മശാനങ്ങൾ ഇല്ല. ശ്മശാന ഭൂമിയുടെ വിസ്തൃതിയും ശ്മശാനത്തിൽ എത്താനുള്ള മെച്ചപ്പെട്ട റോഡുകളും ശ്മശാനത്തിന് പഞ്ചായത്ത് നിയമിച്ച സൂക്ഷിപ്പുകാരനുള്ളതും നവീകരണം ഉൾക്കൊള്ളാൻ ശേഷിയുള്ള നിലവിലെ കെട്ടിടങ്ങളും ശാന്തികവാടത്തിന്റെ ആധുനിക വൽകരണത്തിന് യോജിച്ച ഘടകങ്ങളാണ്. അണ്ടൂർകോണം ഗ്രാമ പഞ്ചായത്തിന് പുറമേ അയൽ പഞ്ചായത്തുകൾക്കും ഉപകാര പ്രദമാകുന്ന ശ്മശാനം നവീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 തൊഴിലുറപ്പ് പദ്ധതി - അവലോകനം

*(1) രജിസ്ട്രേഷനും തൊഴിൽ നൽകലും*

| രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ |
|---|---|---|---|
| 3885 | 3877 | 1935 | 41 |

രജിസ്റ്റർ ചെയ്ത 3885 കുടുംബങ്ങളിൽ 1935 കുടുംബങ്ങൾ മാത്രമേ തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളൂ. കൂടുതൽ കുടുംബങ്ങളെ ഈ പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ഏറ്റെടുത്ത് നിർവഹണം നടത്തിയ പദ്ധതികൾ

2015-16 ൽ 279 പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ഭൂരിഭാഗം പദ്ധതികളും ഭൂവികസനം, തോട്,നീർച്ചാൽ വൃത്തിയാക്കൽ, മഴക്കുഴി നിർമാണം എന്നിവയിൽ ഉൾപ്പെട്ടതാണ്. തൻവർഷം 3 മെറ്റീരിയൽ വർക്കും ചെയ്തിട്ടുണ്ട്.ദേശീയ ഗ്രാമീണ തൊഴിലുറപ്പ്
പദ്ധതി പ്രകാരം പൂർത്തീകരിച്ച മുഴുവൻ പ്രവൃത്തികളുടേയും വിവരം ആസ്തി രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 175000 | വികലാംഗർക്ക് മുച്ചക്ര വാഹനം വാങ്ങൽ | 175000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന പദ്ധതി | സ.ഉ(എം.എസ്) 727/2010/ തസ്വഭവ. 27.05.2010 | 667500 | 609000 * | 529140 | 132460 | 79860 |

* 2010-11-ൽ വായ്പാ മുതൽ തിരിച്ചടവിനായി ഉറവിടത്തിൽ കറവ് വരുത്തി സഹകരണ ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ 661600/-രൂപ നിലനിന്നിരുന്നു. പ്രസ്തുത തുകയിൽ നിന്നും മുതൽ ഇനത്തിൽ 529140/- രൂപയും പലിശ ഇനത്തിൽ 132460/- രൂപയും കണക്കാക്കി മേൽ തുക 4-6-2015-ൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിരിക്കുന്നു.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74479347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66724449- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 406935 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി'യിലേയും 'സി'യിലേയും തുകയാണ്.)

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 72135 | ഡോ. രഘുനാഥൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-4 | 334800 | ശ്രീ ഗോപിനാഥൻ എൻ, ഹെഡ്മാസ്റ്റർ, റിട്ട. |
| ആകെ | 406935 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1306/14 23-6-14 | 3 |
| 2000-2001 | എൽ.എഫ്.റ്റി.ഡി.ജി.പി.7/853/2003 23-6-14 | 10 |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.11/249/03, 23-6-14 | 1 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1258/2003, 23-6-14 | 1 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1597/2005, 23-6-14 | 9 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.11/89/2007, 23-6-14 | 1 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1531/2008, 2-4-12 | 8 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.7/1534/2008 ,10-1-14 | 7 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.11/911/10, 5-8-14 | 12 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.11/912/10, 1-3-13 | 10 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.11/648/12, 11-9-12 | 12 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.11/649/12, 6-1-15 | 10 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.11/748/13, 7-6-14 | 19 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.11/2562/13, 13-1-15 | 13 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1098/,15 1.09.15 | 12 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1288/16 28-7-2016 | 14 |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോള്ളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
2. 2014–15-ലെ ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി, കെട്ടിട നികുതി കുടിശ്ശികയായി കാണിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ
തുക 2015–16- ലെ ധനകാര്യ പത്രികയുടെ RP-43 പ്രകാരം പിരിച്ചെടുത്തിട്ടുള്ളതായി കാണുന്നു.2014-15 വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി &ഒ ലൈസൻസ് ഫീ ഇനത്തില കുടിശ്ശിക ഇല്ല. എന്നാൽ 2015-16, RP-43 ഷെഡ്യൂളിൽ 20100/-രൂപ പിരിച്ചെടുത്തതായി കാണിച്ചിരിക്കുന്നു.
3. ബാങ്ക് രേഖകൾ പ്രകാരം 79860/- രൂപയാണ്. ഇ.എം.എസ്. വായ്പാ മുതൽ തിരിച്ചടവ് കുടിശ്ശിക തുക. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ
6,09,000/-രൂപ എന്ന് ചേർത്തിരിക്കുന്നു.

മേല്പറഞ്ഞ ന്യൂനതകൾ ഒഴികെ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2015–16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.